**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1298** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാരികളെ ആകർഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മൂന്നാം തരംഗവും അതിജീവിച്ച് സംസ്ഥാനം ടൂറിസം രംഗത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഈ പ്രവർത്തനങ്ങൾ ടൂറിസം മേഖലയ്ക്ക് പുത്തൻ ഉണർവ്വ് നൽകിയതായി വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. സർക്കാർ അധികാരത്തിൽ വരുമ്പോൾ കോവിഡിനെ തുടർന്ന് പ്രതിസന്ധിയിലായിരുന്നു വിനോദ സഞ്ചാര മേഖല. വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ അതിനെ അതിജീവിക്കാനും ടൂറിസത്തിന് കുതിപ്പ് നൽകാനും സർക്കാരിന് കഴിഞ്ഞു. |
| (ബി) | ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പുതിയ സാഹചര്യം ലോകത്തിന് പരിചയപ്പെടുത്തുന്നതിനായി നടത്തിയ കേരള ട്രാവൽ മാർട്ട് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | അവലോകനം നടത്തിയിട്ടുണ്ട്. കോവിഡിനെ തുടർന്ന് വളരെ ഏറെ പ്രയാസം അനുഭവിച്ച കേരളത്തിലെ ടൂറിസം മേഖല സഞ്ചാരികളെ വരവേൽക്കാൻ സജ്ജമാണെന്നുള്ള സന്ദേശം ആഗോളവ്യാപകമായി എത്തിക്കുന്നതിൽ വലിയ പങ്കാണ് കേരളാ ട്രാവൽ മാർട്ട് വഹിച്ചത്. കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് KTM സംഘടിപ്പിച്ചത്. 234 - വിദേശ ബയർമാരും 897 ആഭ്യന്തര ബയർമാരും ഉൾപ്പെടെ 1200 -ഓളം ബയർമാർ കേരളാ ട്രാവൽമാർട്ടിൽ പങ്കെടുത്തു. 55,000- വാണിജ്യ കൂടികാഴ്ചകൾ കേരളാ ട്രാവൽ മാർട്ടിൽ നടക്കുകയുണ്ടായി. രാജ്യത്തെ 25 സംസ്ഥാനങ്ങളിൽ നിന്നും 59- വിദേശ രാജ്യങ്ങളിൽ നിന്നും പ്രാതിനിധ്യം ഉണ്ടായിരുന്നു. 2018-ൽ നടന്ന കേരളാ ട്രാവൽ മാർട്ടിനേക്കാൾ കൂടുതൽ കൂടിക്കാഴ്ചകൾ ഈ വർഷത്തെ ട്രാവൽ മാർട്ടിൽ നടക്കുകയുണ്ടായി. കോവിഡാനന്തര കാലമായതിനാൽ അടുത്ത രണ്ട് വർഷത്തേക്ക് ആഭ്യന്തര സഞ്ചാരികളെ മുൻനിർത്തിയുള്ള വിപണനതന്ത്രങ്ങളാണ് കേരളാ ട്രാവൽ മാർട്ടിൽ മുഖ്യമായും അവതരിപ്പിച്ചത്. പൂർണ്ണമായും സുരക്ഷിതവും സജ്ജവുമാണ് കേരളത്തിലെ ടൂറിസം എന്ന് ലോക ടൂറിസം മേഖലയെ |

| | | | |
|---|---|---|---|
| | | | ബോധ്യപ്പെടുത്തുന്നതിന് ഈ വർഷത്തെ ട്രാവൽമാർട്ടിന് മുഖ്യപങ്ക് വഹിക്കുവാൻ കഴിഞ്ഞു. |
| (സി) | പരമാവധി വിനോദ സഞ്ചാരികളെ സംസ്ഥാനത്തെത്തിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; ആരോഗ്യ ടൂറിസം രംഗത്ത് ഇക്കാലയളവിൽ നേടാനായ പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ? | (സി) | സർക്കാർ കഴിഞ്ഞ ഒരു വർഷത്തിനിടെ ടൂറിസം മേഖലയിൽ നടപ്പാക്കിയ നിരവധിയായ പ്രവർത്തനങ്ങളാണ് കോവിഡിന്റെ മൂന്നാം തരംഗത്തിന് ശേഷം സഞ്ചാരികളുടെ വരവ് വർദ്ധിക്കുന്നതിന് കാരണമായിട്ടുള്ളത്. കേരളത്തിലെ ടൂറിസം മേഖയ്ക്ക് കുതിപ്പുണ്ടാക്കാൻ ഉതകുന്ന മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കാണ് ടൂറിസം വകുപ്പ് രൂപം നൽകിവരുന്നത്.<br><br>വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് വേണ്ടി രാജ്യത്തിന് അകത്തും പുറത്തും ആസൂത്രിതമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങളാണ് നടത്തിയത്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം താഴെപ്പറയുന്ന മാർക്കറ്റിംഗ് ക്യാമ്പയിനുകളാണ് നടപ്പാക്കിയത്.<br><br>**<u>രാജ്യത്തിനകത്ത് നടത്തിയ കാമ്പയിനുകൾ</u>**<br><br>• സോഷ്യൽ മീഡിയ റീ അഷ്വറൻസ് കാമ്പയിൻ<br>• കേരളാ ഡ്രൈവ് ഹോളിഡേ<br>• ലോംഗ് സ്റ്റേയ്സ് ഇൻ കേരള<br>• ഹോംസ്റ്റേ പ്രമോഷൻസ്<br>• ഹണിമൂൺ ഹോളിഡേയ്സ്<br>• കാരവൻ കേരള : കാരവൻ ടൂറിസം പ്രമോഷൻ<br>• ചേഞ്ച് ഓഫ് എയർ കാമ്പയിൻ<br>• നാഷണൽ പാർട്ട്ണർഷിപ്പ് മീറ്റുകൾ<br>• സോഷ്യൽ മീഡിയ കാമ്പയിനുകൾ<br>• ദേശീയ ഫെയറുകളിലെ പ്രാതിനിധ്യം<br>• ദേശീയ B2Bമീറ്റുകൾ<br><br>**<u>രാജ്യത്തിനു പുറത്ത് നടത്തിയ കാമ്പയിനുകൾ</u>**<br><br>• WTM, IMTM, BIT MILAN, TM ദുബായ് തുടങ്ങിയ അന്തർദേശീയ ടൂറിസം ഫെയറുകളിലെ പ്രാതിനിധ്യം<br>• മാഡ്രിഡ്, മിലാൻ, അബുദാബി, മസ്കറ്റ്, മനാമ, എന്നിവിടങ്ങളിൽ നടത്തിയ റോഡ്ഷോകൾ.<br>• ഇൻറർനാഷണൽ റീഓപ്പണിംഗ് കാമ്പയിൻ<br>• ഇൻറർനാഷണൽ സോഷ്യൽ മീഡിയ കാമ്പയിൻ |

| | | | |
|---|---|---|---|
| | | | ആരോഗ്യ ടൂറിസം രംഗത്ത് ആയുർവ്വേദം പ്രചരിപ്പിക്കുന്നതിലാണ് കേരളാടൂറിസം മുൻഗണന നൽകുന്നത്. കോവിഡാനന്തരം ആയുർവ്വേദ ചികിത്സയ്ക്കും മറ്റും എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ എണ്ണം വൻതോതിൽ വർദ്ധിച്ചിട്ടുണ്ട്. കേരളാ ടൂറിസം പങ്കെടുക്കുന്ന ടൂറിസം ഫെയറുകളിലൂടെ ആയുർവ്വേദ ടൂറിസം പ്രചരിപ്പിക്കുന്നതിന് മുൻഗണന നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ